# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2783          10.03.2017- ൽ മറുപടിക്ക്**

## ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.മുരളീധരൻ | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | 2014-15, 2015-16 കാലയളവിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് ലക്ചററായി ജോലി നോക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടോ; | (എ) | 2014-15, 2015-16 കാലയളവിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് 31/10/2016 ലെ സ.ഉ.(കൈ)നം.185/2016/ പൊ.വി.വ. ഉത്തരവിന്റെയും 03/02/2017 ലെ 1154660/ ജി2/2017/പൊ.വി.വ. സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ വേതനം അനുവദിക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അവരുടെ തസ്തിക അംഗീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണ്; | (ബി) & (സി) | സംസ്ഥാനത്ത് 2014-2015, 2015-2016 അദ്ധ്യയന വർഷം അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് തസ്തിക നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതിയും, മന്ത്രി സഭായോഗ തീരുമാനത്തിനും വിധേയമായി മാത്രമേ തസ്തിക സൃഷ്ടിച്ച് നിയമന അംഗീകാരം നൽകുവാൻ കഴിയുകയുള്ളൂ. അപ്രകാരം തസ്തിക സൃഷ്ടിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകി അവർക്ക് ശമ്പളം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? | | |

Hemalatha KB

സെക്ഷൻ ഓഫീസർ